JUNE 2025

# പെരുവള്ളൂർ പെരുമ

ghsp73@gmail.com

2025-26 അധ്യയന വർഷത്തെ പ്രവേശനോത്സവത്തിന്റെ ഭാഗമായി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ പെരുവള്ളൂരിൽ വിപുലമായ പരിപാടികൾ സംഘടിപ്പിച്ചു.ഹെഡ്മിസ്ട്രസ് സുധടീച്ചർ പ്രവേശനോത്സവ പരിപാടികൾ ഉദ്ഘാടനം ചെയ്തു.സ്കൂളിലെ മുഴുവൻ കുട്ടികൾക്കും മധുരം വിതരണം ചെയ്തു.






## സൈബർ സുരക്ഷാ ക്ലാസ് സംഘടിപ്പിച്ചു

പെരുവള്ളൂർ:സംസ്ഥാന സർക്കാറിന്റെ സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി പെരുവള്ളൂർ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ സൈബർ ലോകത്തെ സുരക്ഷിത ജീവിതം എന്ന വിഷയത്തിൽ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ക്ലാസ് എടുത്തു.പ്രധാന അധ്യാപകൻ ശ്രീ ഹരീഷ് കുമാർ ക്ലാസ് ഉദ്ഘാടനം ചെയ്തു .യുപി മുതൽ എച്ച് എസ് വരെയുള്ള മുഴുവൻ ക്ലാസിലെ കുട്ടികൾക്കും ക്ലാസ് നൽകി.സൈബർ ബുള്ളിംഗ് സൈബർ ഗ്രൂമിംഗ് തുടങ്ങി സൈബർ ലോകം നേരിട്ടുകൊണ്ടിരിക്കുന്ന പ്രധാന വിഷയങ്ങൾ എല്ലാം ഉൾപ്പെടുത്തിയായിരുന്നു ക്ലാസുകൾ.കൂടാതെ സൈബർ ലോകത്തെ മറ്റ് ചതിക്കുഴികളെ കുറിച്ചും വിദ്യാർത്ഥികളിൽ അവബോധം ഉണ്ടാക്കി.സൈബർ ലോകത്തെ സുരക്ഷ ഓരോ വ്യക്തിയുടെയും ഉത്തരവാദിത്വമാണെന്ന സന്ദേശവും കുട്ടികൾക്ക് ക്ലാസിലൂടെ ലഭിച്ചു.ലിറ്റിൽ കൈറ്റ്സ് ചുമതലയുള്ള അധ്യാപകരായ ഗിരീഷ് വി,നിഷിത എംകെ എന്നിവർ നേതൃത്വം നൽകി





# ജി.എച്ച്.എസ്.എസ് .പെരുവള്ളൂരിൽ

## പരിസ്ഥിതി ദിനം ആഘോഷിച്ചു





പെരുവള്ളൂർ : പരിസ്ഥിതി ദിനം ആഘോഷിച്ചു പെരുവള്ളൂർ: പെരുവള്ളൂർ ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിൽ ലോക പരിസ്ഥിതി ദിനാഘോഷത്തിന്റെ ഭാഗമായി വിവിധ പരിപാടികൾ സംഘടിപ്പിച്ചു. ലിറ്റിൽ കൈറ്റ്സ് വിദ്യാർഥികൾക്കായി പരിസ്ഥിതി സംരക്ഷണ പോസ്റ്റർ മേക്കിങ് മത്സരം സംഘടിപ്പിച്ചു. പ്ലാസ്റ്റിക് പരിസ്ഥിതിയുടെ അന്തകൻ എന്ന വിഷയത്തിൽ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ റോൾപ്ലേ അവതരിപ്പിച്ചു. സ്കൂളിലെ മറ്റു ക്ലബ്ബുകൾ ആയ എസ് പി സി ,ജെ ആർ സി , എൽപി , യുപി വിദ്യാർത്ഥികൾ എന്നിവർ വൃക്ഷത്തൈകൾ നട്ടു.സ്കൂൾ ഹെഡ്മാസ്റ്റർ ഹരീഷ് കുമാർ, സീനിയർ ടീച്ചർ സിന്ധു, സ്റ്റാഫ് സെക്രട്ടറി ഗിരീഷ്, ഹരിത സേന കൺവീനർ ബാലകൃഷ്ണൻ എന്നിവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. പരിസ്ഥിതി ദിനാഘോഷത്തോടൊപ്പം ബലിപെരുന്നാളാഘോഷത്തിന്റെ ഭാഗമായി മെഹന്ദി മത്സരവും സംഘടിപ്പിച്ചു ബലിപെരുന്നാൾ ആഘോഷ പരിപാടികൾക്ക് സമീന, പ്രതീഷ് കുമാർ,സുനിത എന്നിവർ നേതൃത്വം നൽകി.



## നിയമ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു

പെരുവള്ളൂർ ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിൽ ജില്ലാ ലീഗൽ സർവീസ് അതോറിറ്റി മഞ്ചേരി – തിരൂരങ്ങാടി താലൂക്ക് ലീഗൽ സർവീസ് കമ്മിറ്റിയും ജിഎച്ച്എസ് പെരുവള്ളൂരും സംയുക്തമായി നിയമ ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു.അഡ്വക്കറ്റ് സി കെ സിദ്ദീഖ് ക്ലാസ് എടുത്തു

## ലോക സൈക്കിൾ ദിനം ആചരിച്ചു

പെരുവള്ളർ ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിൽ ജില്ലാ ലീഗൽ സർവീസ് അതോറിറ്റി മഞ്ചേരി - തിരൂരങ്ങാടി താലൂക്ക് ലീഗൽ സർവീസ് കമ്മിറ്റിയും ജിഎച്ച്എസ് പെരുവള്ളോരും സംയുക്തമായി ലോക സൈക്കിൾ ദിനത്തോടനുബന്ധിച്ച് വ്യായാമത്തിന്റെ പ്രാധാന്യം എന്ന വിഷയത്തിൽ ക്ലാസ് സംഘടിപ്പിച്ചു.അഡ്വക്കേറ്റ് സുൽഫത്ത് പരപ്പനങ്ങാടി ക്ലാസ് എടുത്തു.നിത്യജീവിതത്തിൽ സൈക്കിളിന്റെ ഉപയോഗം ഓരോ വ്യക്തിയുടെയും വ്യായാമത്തിന് എത്രത്തോളം പ്രാധാന്യമുണ്ടെന്ന് കുട്ടികളെ ബോധ്യപ്പെടുത്തി



**മലയാള മനോരമ**



പെരുവള്ളൂർ ഗവ. ഹൈസ്കൂൾ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ വിഡിയോ ചിത്രീകരണ പരിശീലന ക്യാംപിൽനിന്ന്. എഡിറ്റിങ്, റീൽസ്, പ്രമോഷൻ വിഡിയോ ചിത്രീകരണം എന്നിവയിലാണ് പരിശീലനം നൽകിയത്. ജിബി, വി.ഗിരീഷ് എന്നിവർ ക്ലാസ് നയിച്ചു. കെ.ടി.അൻവർ, കെ.സിന്ധു, പി.ബാലകൃഷ്ണൻ എന്നിവർ പങ്കെടുത്തു.

# അവധിക്കാല വീഡിയോ പ്രൊഡക്ഷൻക്യാമ്പ് നടത്തി

പെരുവള്ളൂർ: പെരുവള്ളൂർ ജിഎച്ച്എസ്എസ് ഒമ്പതാം ക്ലാസ് ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾക്കായി അവധിക്കാല വീഡിയോ പ്രൊഡക്ഷൻ ക്യാമ്പ് നടത്തി. സോഫ്റ്റ്‌വെയർ എഡിറ്റിങ്ങിലൂടെ റീൽസ്,പ്രമോഷൻ വീഡിയോ എന്നിവയിൽ പരിശീലനം നൽകി. ജിബി കൈറ്റ് മിസ്ടസ് ജിഎച്ച്എസ്എസ് കൊളപ്പുറം, ഗിരീഷ് കൈറ്റ് മാസ്റ്റർ ജിഎച്ച്എസ്എസ് പെരുവള്ളൂർ എന്നിവർ ക്ലാസെടുത്തു. പിടിഎ പ്രസിഡൻറ് അൻവർ,സീനിയർ ടീച്ചർ സിന്ധു, സ്റ്റാഫ് സെക്രട്ടറി ബാലകൃഷ്ണൻ എന്നിവർ ക്യാമ്പ് സന്ദർശിച്ചു

**ചന്ദ്രിക**

# റോഡ് സുരക്ഷ ബോധവത്കരണം

പെരുവള്ളൂർ: സമഗ്ര ഗുണമേന്മ പദ്ധതി പ്രകാരം പെരുവള്ളൂർ സ്കൂൾ വിദ്യാർഥികൾക്ക് റോഡ് സുരക്ഷ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു. തേഞ്ഞിപ്പലം സ്റ്റേഷനിലെ സിവിൽ പൊലീസ് ഓഫീസർമാരായ റഫീഖ്,അനിൽ കുമാർ എന്നിവർ കുട്ടികളുമായി സംവദിച്ചു. റോഡിൽ സഞ്ചരിക്കുമ്പോഴും വാഹനങ്ങളിൽ യാത്രചെയ്യുമ്പോഴും ശ്രദ്ധിക്കേണ്ട കാര്യങ്ങളെ കുറിച്ച് ഉദ്യോഗസ്ഥർ മോക്ക്ഡ്രില്ലിലൂടെ കുട്ടികളിൽ അവബോധം നൽകി.എൽ.പി, യു.പി വിഭാഗങ്ങളിലെ ഡിസിപ്ലിൻ ഫോഴ്സ്,സ്കൂൾ എസ്.പി.സി,ലിറ്റിൽ കൈറ്റ്സ് യൂനിറ്റ് അംഗങ്ങൾ തുടങ്ങിയവർ ബോധവൽക്കരണ ക്ലാസ്സിൽ പങ്കാളികളായി. പ്രധാനാധ്യാപകൻ എ.ഹരീഷ് കുമാർ അധ്യക്ഷനായി. സീനിയർ അസിസ്റ്റന്റ് കെ.സിന്ധു,ശിൽപ എസ്.മോഹൻ പ്രസംഗിച്ചു.




**തേഞ്ഞിപ്പലം സി ഐ പെരുവള്ളൂർ സ്കൂളിലെ കുട്ടികൾക്ക് റോഡ്സുരക്ഷ ക്ലാസ്സെടുക്കുന്നു.**

# മൈലാഞ്ചിയിടൽ മത്സരം നടത്തി

പെരുവള്ളൂർ | ബലിപെരുന്നാൾ ആഘോഷത്തോടനുബന്ധിച്ച് പെരുവള്ളൂർ ഗവ. ഹൈ സ്കൂൾ വിദ്യാർഥികൾക്കായി 'മൈലാഞ്ചി മത്സരം' സംഘടിപ്പിച്ചു. പ്രധാനാധ്യാപകൻ എ ഹരീഷ്കുമാർ, സീനിയർ അ സി. കെ സിന്ധു, സ്റ്റാഫ് സെക്രട്ടറി വി ഗിരീഷ്, ടി ലിഖിത, കെ കെ മിനിമോൾ, കെ ജിൻ ഷ, കെ ഫാത്തിമ സമീന, ടി ലിജേഷ്, ആർ വി വിദ്യ, നേതൃത്വം നൽകി.



പെരുവള്ളൂർ ഗവ.ഹൈസ്കൂളിൽ നടന്ന മൈലാഞ്ചിയിടൽ മത്സരം



**മെഹന്തി മത്സരം**

# വിഷരഹിത കറിവേപ്പിലത്തോട്ടവുമായി കുട്ടികൾ



പെരുവള്ളൂർ ഗവ. ഹയർസെക്കൻഡറി സ്കൂളിൽ 'വിഷരഹിത കറിവേപ്പിലത്തോട്ടം' പദ്ധതി പ്രഥമാധ്യാപിക (ഇൻ ചാർജ്) കെ. സിന്ധു ഉദ്ഘാടനംചെയ്യുന്നു

**പെരുവള്ളൂർ** ▸ മാതൃഭൂമി സീഡ് ക്ലബ്ബും ദേശീയ ഹരിതസേനയും ചേർന്ന് പെരുവള്ളൂർ ഗവ. ഹയർസെക്കൻഡറി സ്കൂളിൽ 'വിഷരഹിത കറിവേപ്പിലത്തോട്ടം' പദ്ധതി തുടങ്ങി. കുട്ടികൾ കൊണ്ടുവന്ന കറിവേപ്പില തൈകളുപയോഗിച്ച് തോട്ടമുണ്ടാക്കും. സ്കൂളിലേക്കാവശ്യമായ കറിവേപ്പില വിഷരഹിതമായി ഉണ്ടാക്കുകയാണു ലക്ഷ്യം. പ്രഥമാധ്യാപിക (ഇൻ ചാർജ്) കെ. സിന്ധു കറിവേപ്പിലത്തൈകൾ നട്ട് പദ്ധതിക്ക് തുടക്കമിട്ടു.

സീഡ് അംഗങ്ങളായ കെ. ആദിത്യൻ, ഋതുനന്ദ, ആയിഷാ മിൻഹ, കെ. അശ്വിൻ തുടങ്ങിയവർ നേതൃത്വംനൽകി. സീഡ് കോഡിനേറ്റർ പി. ബാലകൃഷ്ണൻ, ജോയിൻറ് കോഡിനേറ്റർ സുനിത എന്നിവർ സംസാരിച്ചു.




ദേശീയ ഹരിതസേന വിഷരഹിത പച്ചക്കറിത്തോട്ടം

# പേവിഷ ബോധവൽക്കരണ ക്ലാസ്

**പെരുവള്ളൂർ**

ആരോഗ്യവകുപ്പിന്റെ ആഭിമുഖ്യത്തിൽ പെരുവള്ളൂർ ഗവ. ഹൈസ്കൂളിലെ വിദ്യാർഥികൾക്ക് പേവിഷ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു. പഞ്ചായത്തംഗം തങ്ക വേണുഗോപാൽ ഉദ്ഘാടനംചെയ്തു. പ്രധാനാധ്യാപകൻ എ ഹരീഷ് കുമാർ അധ്യക്ഷനായി. ജില്ലാ മൃഗസംരക്ഷണ വകുപ്പ് ഓഫീസർ എ കെ വിഷ്ണു ബോധവൽക്കരണ ക്ലാസ് നടത്തി. സീനിയർ അസിസ്റ്റന്റ് കെ സിന്ധു, സ്റ്റാഫ് സെക്രട്ടറി വി ഗിരീഷ്, ഹെൽത്ത് ക്ലബ് കൺവീനർ വി ടി രശ്മി എന്നിവർ സംസാരിച്ചു.

മംഗളം

# ഡോക്ടേഴ്സ് ദിനം ആചരിച്ചു

താനൂർ: ഡോക്ടേഴ്സ് ദിനത്തിൽ ജി.എച്ച്.എസ്.എസ്. കാട്ടിലങ്ങാടി എസ്.പി.ജി. ടീം താനൂർ സി.എച്ച്.സി. സന്ദർശിച്ചു. ജംഷാദിനെ ആദരിച്ചു. അധ്യാപികമാരായ ബിജി, ആഷിഫ നേതൃത്വം നൽകി.

●● തേഞ്ഞിപ്പലം: ജി.വി.എച്ച്.എസ്.എസ്. ചേളാരി വി.എച്ച്.എസ്.ഇ.എൻ.എസ്.എസ്. യൂണിറ്റ് ഡോക്ടേഴ്സിനെ ആദരിച്ചു. ഡോക്ടേഴ്സ് ദിനം ആചരിച്ചു. എൻ.എസ്.എസ്. വളണ്ടിയർമാർ ഡോക്ടർമാരുടെ സേവനത്തെ അനുസ്മരിപ്പിക്കുകയും നന്ദിയും ആദരവും അറിയിക്കുകയും ചെയ്തു. എൻ.എസ്.എസ്. സന്നദ്ധസേവകർ സമീപത്തെ വിവിധ ആശുപത്രികളും ആരോഗ്യ കേന്ദ്രങ്ങളും സന്ദർശിച്ചു. ചേളാരിയിലെ സ്വകാര്യ ആശുപത്രി, തേഞ്ഞിപ്പാലം ഗ്രാമപഞ്ചായത്തിന് കീഴിലുള്ള കുടുംബാരോഗ്യ കേന്ദ്രം, കോഴിക്കോട് സർവകലാശാല ഹെൽത്ത് സെന്റർ എന്നിവിടങ്ങളിലെ ഡ്യൂട്ടിയിലിരുന്ന ഡോക്ടർമാരെ നേരിൽ കണ്ടു ആശംസിച്ചും ഹാപ്പി ഡോക്ടേഴ്സ് ഡേ കുറിച്ചുള്ള ആശയവിനിമയം നടത്തിയത്. എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർ ഡോ. എം.സി. ഷരീജ അലി, അധ്യാപകൻ എം. പ്രസാദ്, വൊളണ്ടിയർമാരായ ആയിഷ ഷബ, മുബഷിറ, ഫാത്തിമ റഷ, അദൃശ്യ, അനുഷ, ആയുഷ്, ഹൂദ് ഇബ്നു അഷ്റഫ് നേതൃത്വം നൽകി.

●● മലപ്പുറം: ഡോക്ടേഴ്സ് ദിനത്തിന്റെ ഭാഗമായി ദി ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് ഹോമിയോപ്പത്സ് കേരളയുടെ വനിതാ വിഭാഗമായ സിന്ദൂരം മഞ്ചേരി യൂണിറ്റ് മുതിർന്ന വനിതാ ഡോക്ടർ റിട്ട. മെഡിക്കൽ ഓഫീസർ ഡോ. കുമുദിനി സുരേഷിനെ ആദരിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. എം. മുഹമ്മദ് അസ്ലം ഡോക്ടേഴ്സ് ഡേ മൊമെന്റോ സമ്മാനിച്ചു. ഐ.എച്ച്.കെ. നോർത്ത് സോൺ വൈസ് പ്രസിഡന്റ് ഡോ. ടി.സി. ഫാലിഹ പൊന്നാടയണിയിച്ചു. ഐ.എച്ച്.കെ. ട്രസ്റ്റ് ചെയർമാൻ ഡോ. പി.എ. നൗഷാദ്, ഡോ. ജാസ് മുഹമ്മദ്, ഡോ. ഷംന ഫവാസ് പങ്കെടുത്തു.

●● താനൂർ: നൈസ് പബ്ലിക് സ്കൂളിൽ ദേശീയ ഡോക്ടേഴ്സ് ദിനം ഡോക്ടർക്കൊപ്പം എന്ന പ്രമേയത്തിൽ ആചരിച്ചു. ഡോ. ഷറഫുദ്ദീൻ മുഖ്യാതിഥിയായി. ആരോഗ്യ പരിപാലനത്തിന്റെ പ്രാധാന്യം, ഡോക്ടർമാരുടെ സാമൂഹികപരമായ ഉത്തരവാദിത്തങ്ങൾ എന്നിവയെക്കുറിച്ച് വിദ്യാർത്ഥികളോട് സംവദിച്ചു. ആരോഗ്യപരമായ സംശയങ്ങൾ ചോദിച്ചറിയാനും അവബോധം നേടാനും പരിപാടി സഹായകമായി. പ്രധാനധ്യാപകൻ കെ.പി.എ. വഹാബ് തങ്ങൾ അധ്യക്ഷനായി. അക്കാദമിക് ഡയറക്ടർ ഇല്യാസ് ഇർഫാനി, അസിസ്റ്റന്റ് എച്ച്.എം. സ്നേഹ പ്രഭ, റഷീക, ഫാത്തിമ റിൻഷ, നൗഷിന നാസ്, അഫീദ, നൂർജഹാൻ സംബന്ധിച്ചു.

●● ചേളാരി: ദേശീയ ഡോക്ടേഴ്സ് ദിനത്തോടനുബന്ധിച്ച് പെരുവള്ളൂർ ഗവ. ഹയർ സെക്കൻഡറി സ്കൂൾ ജെ.ആർ.സി. കേഡറ്റുകൾ പറമ്പിൽപീടിക സി.എച്ച്.സിയിലെ ഡോക്ടർമാരെ ആദരിച്ചു. ജെ.ആർ.സി. കേഡറ്റുകൾ പൊതുജന ആരോഗ്യ കേന്ദ്രം സന്ദർശിച്ചു. സ്കൂൾ പ്രധാനാധ്യാപകൻ എ. ഹരീഷ് കുമാർ, സീനിയർ അസിസ്റ്റന്റ് കെ. സിന്ധു, ജെ.ആർ.സി. യൂണിറ്റ് കൗൺസിലർമാരായ എം.ആർ. രാംലാൽ, എസ്.എസ്. കവിത, ഹെൽത്ത് ക്ലബ് കൺവീ

KOZHIKODE Edition
Jul 2, 2025 Page No. 3

പേവിഷ ബോധവൽക്കരണം



ഡോക്ടറേഴ്സ് ദിനാചരണത്തിന്റെ ഭാഗമായി പെരുവള്ളൂർ ജിഎച്ച്എസ്എസ് ജെആർസി കെഡറ്റുകൾ പറമ്പിൽപീടിക കുടുംബാരോഗ്യ കേന്ദ്രത്തിലെ ഡോക്ടർമാരെ ആദരിച്ചപ്പോൾ. പ്രധാനാധ്യാപകൻ എ. ഹരീഷ് കുമാർ, കെ.സിന്ധു, എം.ആർ. രാംലാൽ, എസ്.എസ്.കവിത, വി.ടി. രശ്മി എന്നിവർ പങ്കെടുത്തു.

മാധ്യമം



ശുചിത്വ സന്ദേശം വിളിച്ചോതി പെരുവള്ളൂർ ഗവ. ഹയർ സെക്കൻഡറി സ്കൂളിലെ എൽ.പി വിഭാഗം കുട്ടികൾ അവതരിപ്പിച്ച ഓട്ടന്തുള്ളൽ

# ശുചിത്വ സന്ദേശം വിളിച്ചോതി ഓട്ടന്തുള്ളൽ

**പെരുവള്ളൂർ:** ശുചിത്വ സന്ദേശം വിളിച്ചോതി നടത്തിയ ഓട്ടന്തുള്ളൽ ശ്രദ്ധേയമായി. പെരുവള്ളൂർ ഗവ. ഹയർ സെക്കൻഡറി സ്കൂളിലെ എൽ.പി വിഭാഗം കുട്ടികളാണ് ഓട്ടന്തുള്ളൽ അവതരിപ്പിച്ചത്.

ഡെപ്യൂട്ടി എച്ച്.എം സിന്ധു ഉദ്ഘാടനം ചെയ്തു. എൻ.സി. ശ്രീലത, സന്ധ്യ മാട്ടട, ശിൽപ എസ്. മോഹൻ, ലിജേഷ് എന്നിവർ നേതൃത്വം നൽകി.

Mathrubhumi മാതൃഭൂമി



പെരുവള്ളൂർ ഗവ. ഹയർസെക്കൻഡറി സ്കൂൾ മാതൃഭൂമി സീഡ് ക്ലബ്ബ്, ജൂനിയർ റെഡ് ക്രോസ് എന്നിവയുടെ നേതൃത്വത്തിൽ പെരുവള്ളൂർ സാമൂഹികാരോഗ്യ കേന്ദ്രം ഡോക്ടർമാരെ ആദരിക്കുന്നു

## ഡോക്ടർമാരെ ആദരിച്ചു



ഇഎംഇഎ ഹയർസെക്കൻഡറി സ്കൂളിൽ ഡോക്ടേഴ്സ് ഡേ പരിപാടിയിൽ ഡോ. മുഹമ്മദ് ഷംനാസിനെ സീനിയർ അധ്യാപിക നിഷാദേവി പൊന്നാട അണിയിക്കുന്നു

**പെരുവള്ളൂർ►** ഗവ. ഹയർസെക്കൻഡറി സ്കൂളിലെ മാതൃഭൂമി സീഡ് ക്ലബ്ബിന്റെയും ജൂനിയർ റെഡ് ക്രോസ് ക്ലബ്ബിന്റെയും നേതൃത്വത്തിൽ പെരുവള്ളൂർ സാമൂഹികാരോഗ്യ കേന്ദ്രം സന്ദർശിച്ച് ഡോക്ടർമാരെ ആദരിച്ചു.

പ്രധാനാധ്യാപകൻ ഹരീഷ് കുമാർ, സീനിയർ അസി. കെ. സിന്ധു, സീഡ് ക്ലബ്ബ് അംഗങ്ങളായ ആദിത്യൻ, അശ്വിൻ, ഋതുനന്ദ, ഫാത്തിമ റിഫ, ജെആർസി അംഗങ്ങളായ അർഷിദ ഫാത്തിമ സന, അംന ഫാത്തിമ, ഫഹ്മിദ ബാനു, ദീക്ഷിത് തുടങ്ങിയവർ പങ്കെടുത്തു. ബാലകൃഷ്ണൻ, എം.ആർ.രാംലാൽ, കവിത, രശ്മി, പ്രതീഷ് കുമാർ, സാനു തുടങ്ങിയവർ നേതൃത്വംനൽകി.

**കൊണ്ടോട്ടി►** ദേശീയ ഡോക്ടേഴ്സ് ദിനത്തോടനുബന്ധിച്ച് ഇഎംഇഎ ഹയർ സെക്കൻഡറി സ്കൂൾ സീഡ് ക്ലബ് സംഘടിപ്പിച്ച 'ഒരു സ്കൂൾ ഒരു ഡോക്ടർ ' എന്ന പരിപാടിയിൽ കോഴിക്കോട് കെഎംസിടി അസിസ്റ്റന്റ് പ്രൊഫസർ ഡോ. മുഹമ്മദ് ഷംനാസിനെ ആദരിച്ചു. സീനിയർ അധ്യാപിക നിഷാദേവി പൊന്നാട അണിയിച്ചു. കോഡിനേറ്റർ ബഷീർ തൊട്ടിയൻ അധ്യക്ഷതവഹിച്ചു.

എം.എ. അബ്ദുൾ ഖാദർ, പി.എ. മുഹമ്മദ് ഷമീർ, സികെ. സാബിറ, കെ.വി. അഷ്റഫ്, കെ.എം. ജംഷിയ, ഷംലി, താജുൽഹഖ്, കെ. നോഷി, മഹേഷ്വർ എന്നിവർ പ്രസംഗിച്ചു.

ചെങ്ങര: ചെങ്ങര ജിയുപി സ്കൂളിൽ ഡോക്ടേഴ്സ് ഡേ ദിനാചരണം പ്രധാനാധ്യാപകൻ ഉണ്ണികൃഷ്ണൻ ഉദ്ഘാടനംചെയ്തു. എച്ച്ഐ ആഷിക്, പിടിഎ പ്രസിഡന്റ് അമീൻ അൽത്താഫ്, സീഡ് കോ-ഓർഡിനേറ്റർ വാഹിഖ, ഹസീന എന്നിവർ പ്രസംഗിച്ചു.



ചെങ്ങര ജിയുപി സ്കൂളിൽ ഡോക്ടേഴ്സ് ഡേ ദിനാചരണത്തിൽ എച്ച്ഐ ആഷിക് ക്ലാസെടുക്കുന്നു

02/07/2025 KONDOTTY Pg 10



പെരുവള്ളൂർ ജി എച്ച് എസ് എസ് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ സ്കൂൾ പരിസരത്തുള്ള കടകളിൽ ലഹരിവിരുദ്ധ പോസ്റ്റർ ഒട്ടിച്ച് ബോധവത്കരണം നടത്തുന്നു

ചന്ദ്രിക

# മെഡലുകൾ നേടി



ഹുദ ഫാത്തിമ



അവന്യ

പെരുവള്ളൂർ: ദേശീയ പഞ്ചഗുസ്തി മത്സരത്തിൽ കേരളത്തെ പ്രതിനിധീകരിച്ച് പറമ്പിൽപീടിക ക്ലാസ്സിക് സ്പോർട്സ് അക്കാദമിയിലെ താരങ്ങളായ ഹുദ ഫാത്തിമയും പി. അവന്യയും മെഡലുകൾ നേടി.ഹുദ ഫാത്തിമ റൈറ്റ് ഹാൻഡിൽ വെങ്കല മെഡലും ലെഫ്റ്റ് ഹാൻഡിൽ വെള്ളി മെഡലുമാണ് നേടിയത്. അവന്യ ലെഫ്റ്റ് ഹാൻഡിൽ വെള്ളി മെഡലാണ് കരസ്ഥമാക്കിയത്. ഹുദ പെരുവള്ളൂർ ഹൈസ്കൂളിലെ പത്താം തരം വിദ്യാർത്ഥിനിയും അവന്യ പുത്തൂർ പള്ളിക്കൽ ഹൈസ്കൂളിലെ എട്ടാം ക്ലാസ് വിദ്യാർത്ഥിനിയുമാണ്.

## ദേശീയ പഞ്ചഗുസ്തിയിൽ പെരുവള്ളൂരിന് മെഡൽ തിളക്കം

പെരുവള്ളൂർ: ദേശീയ പഞ്ചഗുസ്തി മത്സരത്തിൽ കേരളത്തെ പ്രതിനിധീകരിച്ച് മത്സരിച്ച പറമ്പിൽ പീടിക ക്ലാസ്സിക് സ്പോർട്സ് അക്കാദമിയിലെ ഹുദ ഫാത്തിമയും പി. അവന്യയും മെഡലുകൾ നേടി. തൃശൂർ വി.കെ.എൻ മേനോൻ ഇൻഡോർ സ്റ്റേഡിയത്തിലായിരുന്നു മത്സരം. അക്കാദമിയുടെ രണ്ടുവർഷത്തെ പഞ്ചഗുസ്തി പാരമ്പര്യത്തിൽ ഇത് അഞ്ചാമത്തെ ദേശീയ മെഡലാണ്. ഹുദ ഫാത്തിമ റൈറ്റ് ഹാൻഡിൽ വെങ്കല മെഡലും ലെഫ്റ്റ് ഹാൻഡിൽ വെള്ളി മെഡലുംനേടിയപ്പോൾ, അവന്യ ലെഫ്റ്റ് ഹാൻഡിൽ വെള്ളി മെഡൽ കരസ്ഥമാക്കി. ഹുദ പെരുവള്ളൂർ ഹൈസ്കൂളിലെ പത്താംതരം വിദ്യാർഥിയാണ്. അവന്യ പുത്തൂർ പള്ളിക്കൽ ഹൈസ്കൂളിലെ എട്ടാം ക്ലാസ് വിദ്യാർഥിയുമാണ്. ബോക്സിങ്ങിലും പഞ്ചഗുസ്തിയിലും മികച്ച പ്രകടനം കാഴ്ചവെക്കുന്ന ക്ലാസിക് സ്പോർട്സ് അക്കാദമിയിൽനിന്ന് ഇതുവരെ ഇരുപതോളം ദേശീയ താരങ്ങൾ പരിശീലനം പൂർത്തിയാക്കി പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്.

ചന്ദ്രിക



ദേശീയ ആം റസ്ലിങ് മത്സരത്തിൽ മെഡൽ നേടിയ ഹുദഫാത്തിമയെ പെരുവള്ളൂർ ഗവ. ഹയർ സെക്കന്ററി സ്കൂളിൽ നടന്ന ചടങ്ങിൽ അനുമോദിക്കുന്നു.

## അനുമോദിച്ചു

പെരുവള്ളൂർ:ദേശീയ ആം റസ്ലിങ് മത്സരത്തിൽ ലെഫ്റ്റ് ഹാന്റ് വിഭാഗത്തിൽ വെള്ളി മെഡലും റൈറ്റ് ഹാന്റ് വിഭാഗത്തിൽ വെങ്കല മെഡലും നേടിയ പെരുവള്ളൂർ ഗവ. ഹയർ സെക്കന്ററി സ്കൂളിലെ പി.വി ഹുദാ ഫാത്തിമയെ അധ്യാപകരും പി.ടി.എയും ചേർന്ന് അനുമോദിച്ചു. തങ്ക വേണുഗോപാൽ, കെ.ടി അൻവർ, അജ്മൽ ചൊക്ലി, എ.ഹരീഷ് കുമാർ, കെ.സിന്ധു, പി.കെ അബ്ദുസ്സാജിദ്, സിദ്ദീഖ് ചൊക്കി നേതൃത്വം നൽകി.

Malappuram Edition
Jul 02, 2025 Page No. 14
Powered by: erelego.com

## പെപ് ടോക്: സ്കൂളുകൾക്ക് അനുമോദനം

മലപ്പുറം ● വിദ്യാർഥികളിൽ ആത്മവിശ്വാസവും പഠന പ്രചോദനവും നൽകാൻ വേണ്ടി ജില്ലാ പഞ്ചായത്ത് വിജയഭേരിയുടെ നേതൃത്വത്തിൽ തയാറാക്കി നൽകുന്ന പെപ് ടോക് വിഡിയോകൾ വിജയകരമായി നടപ്പാക്കിയ സ്കൂളുകളെ അനുമോദിച്ചു.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എം.കെ.റഫീഖ ഉദ്ഘാടനം ചെയ്തു. സ്ഥിരസമിതി അധ്യക്ഷ നസീബ അസീസ് അധ്യക്ഷത വഹിച്ചു.

വിജയഭേരി കോ ഓർഡിനേറ്റർ ടി സലീം, പെപ്പ് ടോക് കോഓർഡിനേറ്റർ പി.ഷൗക്കത്തലി എന്നിവർ പ്രസംഗിച്ചു.

# പെരുവള്ളൂർ ഗവ. ഹൈസ്കൂളിൽ
# കൂടുതലറിയാം പദ്ധതി




▶ പെരുവള്ളൂർ ഗവ. ഹൈസ്കൂളിൽ 'കുട്ടികളെ അറിയാം, കൂടുതലറിയാം' പദ്ധതി വാർഡംഗം തങ്കം വേണുഗോപാൽ ഫ്ലാഗ് ഓഫ് ചെയ്യുന്നു

**പെരുവള്ളൂർ ▸** 'കുട്ടികളെ അറിയാം, കൂടുതലറിയാം' പദ്ധതി പ്രകാരം പത്താംക്ലാസ് വിദ്യാർഥികളുടെ ഗൃഹസന്ദർശന പരിപാടിക്ക് പെരുവള്ളൂർ ജിഎച്ച്എസ് സ്കൂളിൽ തുടക്കമായി.

വിദ്യാർഥികളെയും കുടുംബങ്ങളെയും നേരിട്ട് അറിയുകയും പ്രത്യേക പിന്തുണ ആവശ്യമുള്ളവരെ കണ്ടെത്തുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം. പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പഠനപ്രവർത്തനങ്ങൾ സംഘടിപ്പിക്കും. ഓണപ്പരീക്ഷയ്ക്കു മുന്നോടിയായി ഗണിതം, ഭാഷകൾ, ശാസ്ത്രം എന്നീ വിഷയങ്ങളിൽ അടിസ്ഥാന പരിശീലനം നൽകും.

പദ്ധതി വാർഡംഗം തങ്കം വേണുഗോപാൽ ഫ്ലാഗ് ഓഫ് ചെയ്തു.

സ്കൂൾ പി.ടി.എ. പ്രസിഡൻറ് കെ.ടി.അൻവർ, പ്രഥമാധ്യാപകൻ എ. ഹരീഷ് കുമാർ, സീനിയർ അസി. കെ. സിന്ധു, പിടിഎ അംഗം അജ്മൽ ചൊക്ലി, 'വിജയഭേരി' കൺവീനർ ബി.ടി. ദിവ്യ എന്നിവർ പങ്കെടുത്തു.

## ഫസ്റ്റ് എയ്ഡ് ക്ലാസ് സംഘടിപ്പിച്ചു

പെരുവള്ളൂർ ഗവൺമെൻറ് ഹയർ സെക്കൻഡറി സ്ക്കൂളിലെ എസ് പി സി,ജെ ആർ സിഎന്നിവർക്കായി ഫസ്റ്റ് എയ്ഡ് ക്ലാസ് സംഘടിപ്പിച്ചു

